"ഭരണഭാഷ-മാതൃഭാഷ"

നം. ICDS/B5-8425/2020

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 25/02/2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

## പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് - ഐസിഡിഎസ് - അങ്കണവാടി കെട്ടിട വാടക കരാർ പുതുക്കുന്നത് അനുമതി നൽകുന്നത് - സംബന്ധിച്ച്

സൂചന: ശിശു വികസന പദ്ധതി ഓഫീസർമാരുടെ അപേക്ഷകൾ

കോവിഡ്-19 രോഗപ്രതിരോധത്തിന്റെ ഭാഗമായി 2020 മാർച്ച് അവസാനത്തോടുകൂടി രാജ്യത്ത് പരിപൂർണ്ണ ലോക്കഡൗൺ പ്രഖ്യാപിക്കുകയും സമസ്തമേഖലയിലേയും പ്രവർത്തനങ്ങൾ തടസ്സപ്പെടുകയും ചെയ്തിരുന്നു. ഇതിന്റെ ഭാഗമായി ഈ കാലയളവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന അങ്കണവാടികളുടെ വാടക കരാർ, കാലാവധി കഴിഞ്ഞതിനുശേഷവും പുതുക്കുന്നതിന് സാധിച്ചിട്ടില്ലായെന്നും മുദ്രപത്രങ്ങളുടെ ലഭ്യത ഇല്ലായ്മയാണ് അതിന്റെ കാരണമെന്നും, വാടക കരാർ ഇല്ലാത്ത പ്രസ്തുത കാലയളവിലെ വാടക മാറിനൽകുന്നതിന് അനുമതി നൽകണമെന്നും വിവിധ ശിശു വികസന പദ്ധതി ഓഫീസർമാർ സൂചന പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ 2020 മാർച്ച് മുതലുള്ള ലോക്ക്ഡൗൺ കാലയളവിൽ അങ്കണവാടി കെട്ടിടങ്ങളുടെ വാടക കരാർ യഥാസമയം പുതുക്കാൻ സാധിക്കാതിരുന്നത് മുദ്രപത്രങ്ങൾ ലഭിക്കാത്തതിനാലാണെന്നും പ്രസ്തുത കെട്ടിടത്തിൽ തന്നെയാണ് അങ്കണവാടി പ്രവർത്തിച്ചിരുന്നത് എന്നും ഉള്ള ശിശു വികസന പദ്ധതി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ പ്രസ്തുത കാലയളവിലെ അങ്കണവാടി വാടക മാറി നൽകുന്നതിന് അനുമതി നൽകേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ സിഡിപിഒമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

SS-20